• **വാർത്ത**

# കാതിക്കുടം : മലിനീകരണം രൂക്ഷമാകുന്നു

ചാലക്കുടിയിൽ നിന്നും 5 കിലോ മീറ്റർ അകലെ കാതിക്കുടത്ത് ബസ്സിറങ്ങുമ്പോൾ നമ്മെ എതിരേൽക്കുന്നത് "National Godown of Impurities Limited ' എന്ന കാതിക്കുടം NGIL മലിനീകരണ വിരുദ്ധസമിതിയുടെ കൂറ്റൻ ഫ്ളക്സ് ബാനറാണ്. കാതിക്കുടത്തിനോടടുക്കുമ്പോഴേക്കും നമ്മുടെ നാസാദ്വാരങ്ങളിൽ മനംപുരട്ടുന്ന തരം ഗന്ധം വന്നു നിറയും.

നിറ്റാ ജലാറ്റിൻ ഇന്ത്യാ ലിമിറ്റഡ് (NGIL) (മുൻ പേര് KCPL) എന്ന ജപ്പാൻ മുൻതൂക്കമുള്ള ഈ വ്യവസായസ്ഥാപനത്തിൽ പ്രധാനമായും ഉല്പാദിപ്പിക്കുന്നത് ഒസ്സീൻ എന്ന പ്രോട്ടീനാണ്. അസംസ്കൃത വസ്തുക്കളായി ഇവിടെ ഉപയോഗിക്കുന്നത് ഹൈഡ്രോക്ലോറിക് ആസിഡ് (HCL), കുമ്മായം, അലൂമിനിയം ക്ലോറൈഡ്, ഹൈഡ്രജൻ പെറോക്സൈഡ്, ആലം, നുറുക്കിയ എല്ല് എന്നിവയാണ്. ഒരു ദിവസത്തെ ഉൽപാദനത്തിനായി 130ടൺ എല്ലും 13,00,000ലിറ്റർ ഹൈഡ്രോക്ലോറിക് ആസിഡും 3 കോടി ലിറ്റർ വെള്ളവും ഉപയോഗിക്കുന്നു എന്നാണ് കണക്കുകൾ പറയുന്നത്. ചാലക്കുടിപ്പുഴയിൽ നിന്നുള്ള ജലചൂഷണം യാതൊരു ഉപാധികളുമില്ലാതെയാണ്. ഉൽപാദനാനന്തരമുള്ള മാരകമാലിന്യം ചാലക്കുടിപ്പുഴയിലേക്കാണ് ഒഴുക്കുന്നത്. ഇത് മൂലം സമീപപ്രദേശങ്ങളിലെ കിണറുകളിലും പുഴയുടെ കീഴ്ഭാഗങ്ങളിലും ആസിഡിന്റെയും ക്ലോറൈഡിന്റെയും അളവ് വളരെ കൂടുതലാണ്. കൊടുങ്ങല്ലൂർ, വൈന്തല പ്രദേശങ്ങളിലേക്കുള്ള കുടിവെള്ള പദ്ധതികൾക്കായി ഈ വെള്ളമാണ് ഉപയോഗിക്കുന്നത്.

*കാതിക്കുടം പ്രദേശത്ത് കാൻസറിനു കാരണമായ തരത്തിൽ മലിനീകരണം നടക്കുന്നുവെന്ന് ഡോക്ടർമാർ അഭിപ്രായപ്പെടുന്നു.

*സെന്റ് ജോസഫ് കോളേജ്, ഇരിങ്ങാലക്കുടയിൽനിന്നുള്ള എം.എസ്. ഡബ്ലിയു. വിദ്യാർത്ഥികളുടെ പഠന റിപ്പോർട്ട് പ്രകാരം സമീപപ്രദേശങ്ങളിൽ നിന്നും വിഭിന്നമായി കാതിക്കുടത്ത് കാൻസർ രോഗങ്ങൾ 350ശതമാനവും ആസ്മ, ത്വക്ക് രോഗങ്ങൾ തുടങ്ങിയവ 80ശതമാനവും കൂടുതലായി കാണുന്നുണ്ട്.

മുൻകാലങ്ങളിൽ കമ്പനിക്കെതിരായി നടന്ന സമരങ്ങളെ ഭീഷണിപ്പെടുത്തിയും പണം വാഗ്ദാനം ചെയ്തും ഇല്ലാതാക്കുകയായിരുന്നു. അസഹനീയമായ മലിനീകരണത്തിനെതിരെ അടുത്തകാലത്തായി വീണ്ടും ജനങ്ങൾ രംഗത്തിറങ്ങിയിരിക്കുന്നു. മലിനീകരണവിരുദ്ധവിളംബരജാഥകളും പന്തം കൊളുത്തി പ്രകടനങ്ങളും സമരത്തെ ശക്തമാക്കുകയാണ്.

ജൂൺ 21ന് ചാലക്കുടി, വാളൂർ സ്കൂളിൽ വെച്ച് സമരസമിതി ഒരു സെമിനാർ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് വി.കെ.മോഹനൻ അദ്ധ്യക്ഷത വഹിക്കുന്ന സെമിനാറിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലീനാ ഡേവിസ് മുഖ്യ അതിഥിയായിരിക്കും. പി.യു.സി.എൽ സംസ്ഥാന പ്രസിഡന്റ് അഡ്വ.ടി.ചന്ദ്രശേഖർ, സി.ആർ.നീലകണ്ഠൻ, ഏലൂർ പുരുഷൻ, ജേക്കബ് വി.ലാസർ, ഡോ.ലത, എസ്.പി.രവി, എം.മോഹൻദാസ് എന്നിവർ പങ്കെടുത്തു.

ബന്ധങ്ങൾക്ക്:
അനിൽ–9745143069

---

# പെപ്സിക്ക് പാദസേവ ചെയ്യുന്ന ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ

ഇന്ത്യയിലെ രണ്ട് ലക്ഷത്തിലധികം ഡോക്ടർമാർ അംഗങ്ങളായുള്ള ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ.) ബഹുരാഷ്ട്ര കുത്തകയായ പെപ്സിയുടെ ഉൽപ്പന്നങ്ങൾ രോഗികൾക്ക് ശുപാർശ ചെയ്യണമെന്ന് ഡോക്ടർമാർക്ക് നിർദ്ദേശം നൽകുന്നു. പെപ്സിയുടെ പാനീയങ്ങളിൽ ജീവന് ഹാനികരമായ വിഷപദാർത്ഥങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് വ്യക്തമായതോടെ ലോകത്തെമ്പാടും ഈ ബഹുരാഷ്ട്ര കുത്തകയുടെ ഉൽപ്പന്നങ്ങൾ നിരോധിക്കണമെന്നാവശ്യപ്പെട്ട് ജനകീയപ്രസ്ഥാനങ്ങൾ ശക്തമായ സമരങ്ങൾ നടത്തിവരികയാണ്. ഇതിനെയൊന്നും കണ്ടില്ലെന്ന് നടിച്ചുകൊണ്ടാണ് പെപ്സിയുടെ ട്രോപിക്കാന പഴച്ചാറും, ക്വാക്കർ ഓഡ്സും രോഗികൾക്ക് ശുപാർശ ചെയ്യണമെന്ന് ഐ.എം.എ. അതിന്റെ അംഗങ്ങൾക്ക് നിർദ്ദേശം നൽകിയത്. 2008 മെയ്മാസം പെപ്സിയുമായി ഒപ്പുവെച്ച ത്രിവത്സര കരാറിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്. ഇതിന്റെ ഭാഗമായി ഐ.എം.എ. 50 ലക്ഷം രൂപ പെപ്സിയിൽനിന്നും കൈപ്പറ്റിക്കഴിഞ്ഞു. അടുത്തവർഷം ഒരു കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമെന്ന് ഐ.എം.എ.യുടെ ബജറ്റ് വ്യക്തമാക്കുന്നു. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ 2002ൽ ആവിഷ്ക്കരിച്ച സദാചാര സംഹിതകളുടെ പരസ്യമായ ലംഘനമാണ് ഐ.എം.എ.യുടെ നടപടി. ഇതിനെക്കുറിച്ച് അന്വേഷണമൊന്നും നടക്കാത്ത സാഹചര്യത്തിൽ ആതുര സേവനരംഗത്തെ ഉന്നതമൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി ഡോക്ടർമാർ ഐ.എം.എ.യുടെ ഈ ജീർണ്ണതയ്ക്കെതിരെ രംഗത്തെത്തുക.